**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5961** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്ട്രക്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 20.03.1991-ലെ ജി.ഒ (എം.എസ്) നമ്പർ 103/91 എൽ.എ.ഡി. ഉത്തരവ് പ്രകാരം സെൻട്രൽ സിറ്റി ഓഫ് കൊച്ചിക്കായി അനുവാദം നൽകിയ ജനറൽ ടൗൺ പ്ലാനിംഗ് സ്കീമായ സ്ട്രക്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി പ്രകാരം നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് പദ്ധതി പ്രദേശങ്ങളിൽ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (എ) | ഭാവിയിലെ നഗരവൽക്കരണം മുന്നിൽ കണ്ട് പ്ലാൻ പ്രദേശത്തിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗം, റോഡ് വികസന പദ്ധതികൾ എന്നിവയാണ് കൊച്ചി സ്ട്രകച്ചർ പ്ലാനിൽ പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്. കൊച്ചി, തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, മരട്, തൃക്കാക്കര എന്നീ നഗരസഭ പ്രദേശങ്ങളും, മുളവുകാട്, ഞാറക്കൽ, എളംകുന്നപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, എന്നീ പഞ്ചായത്ത് പ്രദേശങ്ങളും ഉൾപ്പെടുത്തിയാണ് കൊച്ചി സ്ട്രക്ചർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രദേശങ്ങളിലെ ഭൂമി വിനിയോഗവും ഭൂവികസനവും സ്ട്രക്ചർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ - പള്ളിപ്പുറം റോഡ് കടന്നുപോകുന്ന ആറ് പഞ്ചായത്തുകളിൽ ഉൾപ്പെട്ടിട്ടുള്ള എളങ്കുന്നപ്പുഴ, ഞാറക്കൽ ഗ്രാമപഞ്ചായത്തുകളിലെ റോഡിനിരുവശവും ഈ പദ്ധതി പ്രകാരം വീതി കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വീതി കൂട്ടുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | സ്ട്രക്ച്ചർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള 27.00 മീ. വീതിയുള്ള കൊച്ചി – മുനമ്പം റോഡ് എളങ്കുന്നപ്പുഴ, ഞാറക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്ന് പോകുന്നുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് കൊച്ചി-മുനമ്പം റോഡ് 27 മീറ്റർ വീതിയാക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്നത്. മാസ്റ്റർ പ്ലാനിൽ വികസന നിർദ്ദേശങ്ങൾ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്. |
| (സി) | എളങ്കുന്നപ്പുഴ, ഞാറക്കൽ ഗ്രാമപഞ്ചായത്തുകളിലെ വൈപ്പിൻ - പള്ളിപ്പുറം റോഡിന് ഇരുവശവുമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, പുനർനിർമ്മാണം, വസ്തുവകകളുടെ കൈമാറ്റം തുടങ്ങിയ കാര്യങ്ങളിൽ ഈ പദ്ധതി പ്രകാരം നിയന്ത്രണങ്ങൾ ഉണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് നിയന്ത്രണമെന്നും നിയന്ത്രണങ്ങളുടെ ഉദ്ദേശ്യലക്ഷ്യം എന്താണെന്നും വിശദമാക്കാമോ; | (സി) | കൊച്ചി – മുനമ്പം റോഡിന് 27.00 മീ. വീതിയാക്കുന്നതിനുള്ള വികസന നിർദ്ദേശമുള്ളതിനാൽ, പുതിയ നിർമ്മാണങ്ങൾ പുനർ നിർമ്മാണങ്ങൾ, കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തലുകൾ എന്നിവ നടത്തുമ്പോൾ റോഡിന്റെ വികസനത്തിനാവശ്യമായ സ്ഥലം റോഡിന്റെ സെൻട്രൽ ലൈനിൽ നിന്നും ഇരുവശത്തേക്കും തുല്യദൂരത്തിൽ മാറ്റി നിർമ്മിക്കേണ്ടതുണ്ട്. ഈ ഭാഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമാനുസൃതമായ സെറ്റ് ബാക്കുകളും അധികമായി ഉണ്ടായിരിക്കണം. റോഡ് വികസനത്തിനാവശ്യമായ |

| | | | |
|---|---|---|---|
| | | | സ്ഥലം മാറ്റിവച്ചതിന് ശേഷം, സ്ട്രക്ചർ പ്ലാൻ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ബാധകമായ മറ്റ് നിയമങ്ങൾ എന്നിവ അനുസരിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.<br><br>ഭാവിയിൽ പ്രസ്തുത റോഡ് 27 മീ. ആക്കുന്ന സമയത്ത് ഭൂമി സ്വരൂപിക്കുമ്പോൾ, പുതിയ കെട്ടിടങ്ങൾ പൊളിച്ച് കളയുന്നത് മൂലം സർക്കാരിനുണ്ടാകുന്ന ധനനഷ്ടം, പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നിവ ഒഴിവാക്കുന്നതിനും, റോഡ് വികസനം സുഗമമാക്കുന്നതിനുമാണ് ഈ നിയന്ത്രണങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ നിലവിൽ വരുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് മാസ്റ്റർ പ്ലാനിലെ നിയന്ത്രണങ്ങൾ കൊണ്ട് പൊതുവേ ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പ്ലാൻ പ്രകാരം മേൽ പഞ്ചായത്തുകളിൽ യാതൊരു പദ്ധതികളും വിഭാവനം ചെയ്തിട്ടില്ലെങ്കിൽ ഈ പദ്ധതി പ്രകാരമുള്ള നിയന്ത്രണങ്ങളിൽ കാലോചിതമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി പ്രകാരം മേൽ പഞ്ചായത്തുകളിൽ ഭൂവിനിയോഗ നിർദ്ദേശങ്ങൾ, ഭാവിയിലെ റോഡ് വികസനത്തിനായുള്ള നിയന്ത്രണങ്ങൾ, സോണിങ് റെഗുലേഷൻ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ